<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3944** | **09-10-2025 - ൽ മറുപടിയ്ക്ക്**

## കേരള ചിക്കൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള ചിക്കൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | **കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 146 ഔട്ട് ലെറ്റുകളും ബ്രഹ്മഗിരി ഡെവലപ്‌മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 7 ഔട്ട് ലെ റ്റുകളും (മലപ്പുറം ജില്ലയിൽ) ആരംഭിച്ചിരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ചിരുന്ന 146 ഔട്ട് ലെറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.** |
| (ബി) | നിലവിൽ പ്രവർത്തിക്കുന്ന ഔട്ട്‌ലെറ്റുകളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | കുടുംബശ്രീയുടെ കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന ഔട്ട് ലെറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു |

(എ) ഉത്തരത്തിലെ പട്ടിക:

| ജില്ല | **ആകെ ഔട്ട്‌ലെറ്റുകൾ** |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 20 |
| കോട്ടയം | 23 |
| എറണാകുളം | 27 |
| തൃശ്ശൂർ | 19 |
| പാലക്കാട് | 7 |
| മലപ്പുറം | 10 |
| കോഴിക്കോട് | 19 |
| കണ്ണൂർ | 1 |
| ആകെ | 146 |

(ബി) ഉത്തരത്തിലെ പട്ടിക:

| ജില്ല | പ്രവർത്തിക്കുന്ന ഔട്ട് ലെറ്റുകൾ |
|---|---|
| തിരുവനന്തപുരം | 18 |
| കൊല്ലം | 15 |
| കോട്ടയം | 14 |
| എറണാകുളം | 11 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>തൃശ്ശൂർ</td><td>11</td></tr>
<tr><td>പാലക്കാട്</td><td>7</td></tr>
<tr><td>മലപ്പുറം</td><td>10</td></tr>
<tr><td>കോഴിക്കോട്</td><td>18</td></tr>
<tr><td>കണ്ണൂർ</td><td>1</td></tr>
<tr><td>ആകെ</td><td>105</td></tr>
</table>
</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ ഔട്ട്‌ലെറ്റുകൾ ഇനി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;</td><td>(സി)</td><td>കുടുംബശ്രീ മുഖേനെയുള്ള പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഫാമുകൾക്ക് ആനുപാതികമായി പുതിയ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതാണ്. കൂടാതെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് പുതിയ 100 ഔട്ട് ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.</td></tr>
<tr><td>(ഡി)</td><td>കേരള ചിക്കൻ ഔട്ട്‌ലെറ്റുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;</td><td>(ഡി)</td><td>കുടുംബശ്രീ മുഖേനയുള്ള കേരള ചിക്കൻ ഔട്ട് ലെറ്റുകൾ ലാഭകരമായാണ് പ്രവർത്തിക്കുന്നത് കേരള ചിക്കൻ ഔട്ട് ലെറ്റുകളിൽ പ്രതിദിനം ശരാശരി 450 കിലോക്ക് മുകളിൽ കോഴിയിറച്ചിയുടെ വിപണനം നടന്നു വരുന്നു. ഒരു കിലോ കോഴിയിറച്ചിക്ക് 17 രൂപ ഉപഭോക്താവിന് ലാഭമായി ലഭിക്കുന്നുണ്ട്</td></tr>
<tr><td>(ഇ)</td><td>പെരിന്തൽമണ്ണ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള ചിക്കൻ ഔട്ട്‌ലെറ്റുകളുടെ വിശദാംശം ലഭ്യമാക്കുമോ?</td><td>(ഇ)</td><td>പെരിന്തൽമണ്ണ മണ്ഡലത്തിൽ ബ്രഹ്മഗിരിയുടെ ഔട്ട്‌ലെറ്റ് മാത്രമായിരുന്നു പ്രവർത്തിച്ചിരുന്നത്.</td></tr>
</table>

സെക്ഷൻ ഓഫീസർ